LIBRARY ARCHIVES Kerala Legislative Assembly

അംഗൻവാടികൾ

8 [446] *ശ്രീ. കെ. വി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എത്ര അംഗൻവാടികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ, മൊകേരി, പാട്യം, പന്ന്യന്നൂർ തുടങ്ങിയ പഞ്ചായത്തുകളിൽ പുതുതായി അംഗൻവാടി അനുവദിക്കണമെന്ന അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3258 അംഗൻവാടികൾ പുതുതായി തുടങ്ങുവാൻ കേന്ദ്രഗവൺമെന്റിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിൽ നിന്നും പുതുതായി അംഗനവാടികൾ ആരംഭിക്കുന്നതിനുള്ള അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് ഈ കാര്യം പരിഗണിക്കുന്നതാണ്.

അംഗൻവാടി പദ്ധതികൾ

9 [447] *ശ്രീ. കെ. വി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികളിലെ കുട്ടികൾക്കായി നടപ്പിലാക്കിയിരുന്ന ഒരു കപ്പ് പാൽ പദ്ധതി ഉപേക്ഷിക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കിയ വകയിൽ മിൽമയ്ക്ക് എത്ര തുക കൊടുത്തു തീർക്കാനുണ്ട്;

(സി) ഈ പദ്ധതി നിർത്തലാക്കിയതിന് പകരമായി മറ്റെതെങ്കിലും പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഒരു കപ്പ് പാലും ഷേക്ക്ഹാന്റും പദ്ധതി മിൽമാപാലിന്റെ ദൗർലഭ്യം കാരണമാണ് 2003 ആഗസ്റ്റ് മാസത്തോടുകൂടി നിർത്തിവച്ചത്.

(ബി) 17.39 ലക്ഷം രൂപ.

(സി) ഒരു കപ്പ് പാലും ഷേക്ക്ഹാന്റും പദ്ധതിയ്ക്ക് പകരമായി 3 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഭക്ഷ്യമിശ്രിതം വീടുകളിലേക്ക് കൊടുത്തുവിടുന്ന ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (റ്റി. എച്ച്. ആർ. എസ്.) എന്ന പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.